# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 22.06.2012- ലെ മറുപടിക്ക്

നമ്പർ.**2883**

## ഡോ. എ.പി.ജെ. അബ്ദുൾ കലാം നിർദ്ദേശിച്ച പത്തിന വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. കെ.കെ. ലതിക** | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) 2005-ൽ മുൻരാഷ്ട്രപതി ഡോ. എ.പി..ജെ അബ്ദുൾ കലാം കേരളത്തിനായി നിർദ്ദേശിച്ച പത്തിന വികസന പരിപാടികൾ എന്തൊക്കെയായിരുന്നുവെന്നും അവയിൽ ഏതൊക്കെ നടപ്പാക്കിയെന്നും പറയാമോ; | (എ) 1) വിനോദസഞ്ചാരം (2) ഉൾനാടൻ ജലഗതാഗത വികസനം(3)വിജ്ഞാന ഉല്പന്നങ്ങളുടെ വികസനവും വിപണനവും (4) സസ്യ ഔഷധ ഉല്പന്നങ്ങൾ (തൻമാത്രകൾ മുതൽ മരുന്നു വരെ), ആയൂർവേദ എന്നിവ.<br><br>(5) നഴ്സുമാരുടെയും മറ്റ് പാരാമെഡിക്കലുകാരുടെയും ഗുണമേന്മയുള്ള പരിശീലനം (6) പ്രത്യേക സാമ്പത്തിക മേഖലയുടെ രൂപീകരണം (7) ആഴക്കടൽ മത്സ്യബന്ധനം, മത്സ്യ സംസ്കരണം കടലിൽ നിന്നുള്ള ഭക്ഷ്യവസ്തുക്കളുടെ വിപണനം . (8) കടലോരമേഖലയ്ക്ക് 'പുര'. (9) റബ്ബർ , തേയില, കാപ്പി, സുഗന്ധദ്രവ്യങ്ങൾ, നാളീകേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന പരിപാടികൾ (10) സ്പേസ് സാങ്കേതിക വിദ്യകളിലൂടെ വികസനത്തെ ത്വരിതപ്പെടുത്തുക.<br><br>ഡോ. എ.പി.ജെ. അബ്ദുൾ കലാം നിർദ്ദേശിച്ച വികസന പരിപാടികൾ വിവിധ കേന്ദ്ര സംസ്ഥാന-പദ്ധതികളുമായി സംയോജിപ്പിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ശ്രീ. സാം പിട്രോഡ നിർദ്ദേശിച്ചിരിക്കുന്ന വികസന പദ്ധതികൾഎന്തൊക്കെയെന്നും, അവയിൽ ഏതൊക്കെയാണ് നടപ്പാക്കുകയെന്നും വ്യക്ത-മാക്കുമോ; | (ബി) | (1) തീരദേശ ജലപാത (2) നോളജ് സിറ്റി (3) ആയുർവേദത്തിന്റെ ആധുനീകരണം (4) മാലിന്യ പരിപാലനം (5) ഇ-ഗവേണൻസ് (6) നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത - വിദ്യാഭ്യാസവും (7) ആരോഗ്യ ഇൻഷുറൻസ് (8) വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകുംവിധം ഉപയോഗിക്കുക. (9) പരമ്പരാഗത മേഖലകളുടെ ആധുനീകരണം (10) ഹൈസ്പീഡ് റെയിൽ കോറിഡോർ.<br><br>മേൽപ്പറഞ്ഞ എല്ലാപദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിശദ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | മേൽ പറഞ്ഞ പദ്ധതി നിർദ്ദേശങ്ങളിൽ മുൻരാഷ്ട്രപതി നിർദ്ദേശിച്ചവ പ്രായോഗികമല്ലാത്തതു കൊണ്ടാണോ പുതിയ വികസന പദ്ധതി കൊണ്ടു വരുന്നതെന്നു വ്യക്തമാക്കുമോ? | (സി) | അല്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസന പ്രവർ-ത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുതകുന്ന നൂതനമായ 10 പദ്ധതികളാണ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ.**